## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2623    06.02.2018-ന് മറുപടിയ്ക്ക്

## പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ :<br>ശ്രീ. എ. എം. ആരിഫ് :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. ജോൺ ഫെർണാണ്ടസ് : | ശ്രീ. എ. കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 1-ആയി ചേർക്കുന്നു. |
| (ബി) ഇവർക്കായി സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ ക്ഷേമ, വായ്പാ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാ ക്കാമോ ; | (ബി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ച് സ്വയം തൊഴിൽ, വിദ്യാഭ്യാസം, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പെൺകുട്ടികളുടെ വിവാഹം എന്നിങ്ങനെ ഒട്ടേറെ ആവശ്യങ്ങൾക്കുള്ള വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 -ആയി ചേർക്കുന്നു. |
| (സി) കെ.എസ്.ബി.സി.ഡി.സി. യുടെ നിലവിലുള്ള വായ്പാ പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് ഗുണഭോക്താക്കൾക്ക് കൂടുതൽ ആകർഷകവും പ്രയോജനപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) ദേശീയ ഏജൻസികളുടെ വായ്പാ പദ്ധതി വ്യവസ്ഥകളിൽ സ്വന്തം നിലയിൽ ഭേദഗതി വരുത്തുന്നതിന് കോർപ്പറേഷന് അധികാരമില്ല. പദ്ധതി വ്യവസ്ഥകളിൽ ടി ഏജൻസികൾ വരുത്തുന്ന ഭേദഗതികൾക്ക് അനുസൃതമായി വായ്പാ പദ്ധതികളിൽ കോർപ്പറേഷൻ ഭേദഗതികൾ |

വരുത്തുന്നതാണ്. സ്വന്തം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ ഗുണഭോക്താക്കൾക്ക് കൂടുതൽ ആകർഷവും പ്രയോജന പ്രദവുമായ വിധത്തിൽ ഈ സാമ്പത്തിക വർഷാരംഭത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ഡി) കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾ അർഹരായ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

(ഡി) കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾ അർഹരായ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന് വേണ്ടി കേരളത്തിലെ പത്ര മാധ്യമങ്ങൾ വഴി പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. ഇതിനുപുറമേ കോർപ്പറേഷന്റെ പദ്ധതികൾ സംബന്ധിച്ച ഒരു പരസ്യ ചിത്രവും, വിജയകരമായി സംരംഭങ്ങൾ നടപ്പിലാക്കി വരുന്ന കോർപ്പറേഷന്റെ ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തി അരമണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ദൃശ്യ മാധ്യമങ്ങൾ, സിനിമാ തിയേറ്ററുകൾ എന്നിവ വഴി ഇവ പ്രദർശിപ്പിക്കുന്നതാണ്. കൂടാതെ കോർപ്പറേഷന്റെ ജില്ലാ / ഉപജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ മേളകളും നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

7

അനുബന്ധം 1

| ക്രമ നമ്പർ | പദ്ധതിയുടെ പേര് |
|---|---|
| 1 | ഒ.ഇ.സി. പോസ്റ്റ്മെട്രിക് |
| 2 | ഒ.ഇ.സി. പ്രീമെട്രിക് |
| 3 | ഒ.ബി.സി. പോസ്റ്റ്മെട്രിക് (100% CSS) |
| 4 | ഒ.ബി.സി. പ്രീമെട്രിക് (50% CSS) |
| 5 | ഒ.ബി.സി. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ |
| 6 | ഓവർസീസ് സ്കോളർഷിപ്പ് (വിദേശപഠനം) |
| 7 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം |
| 8 | പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം |
| 9 | അഡ്വക്കേറ്റ്സ് ഗ്രാന്റ് |
| 10 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി |
| 11 | ബാർബർഷോപ്പ് നവീകരണം |
| 12 | വിശ്വകർമ്മ പെൻഷൻ |
| 13 | ടൂൾകിറ്റ് ഗ്രാന്റ് |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

## മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ) (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 1 ലക്ഷം രൂപ | 5% |
| 3. വിദ്യാഭ്യാസ വായ്പാ പദ്ധതി (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്) | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷ രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 4. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | CDS-കൾക്ക് പരമാവധി 1 കോടി രൂപ<br>NGO-യ്ക്ക് പരിധി ഇല്ല. | NGO/CDS-3.50%,<br>SHGക്ക്-5% |
| 5. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ) (ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | CDS-കൾക്ക് പരമാവധി 1 കോടി രൂപ | CDS-2.50%,<br>SHGക്ക്-4% |
| 6. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| | <u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15 % വരെ മൂലധന സബ്സിഡി<br>വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | |